## പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1656 — 31.01.2018 ൽ മറുപടിയ്ക്ക്

# ഫോർ ദ പീപ്പിൾ ഓൺലൈൻ പരാതി പരിഹാര പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.ഉമ്മർ**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഡോ. കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകൾതോറും ഫോർ ദ പീപ്പിൾ എന്ന ഓൺലൈൻ പരാതി പരിഹാര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 'ഫോർ ദ പീപ്പിൾ' പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം. |

| | | | |
|---|---|---|---|
| ബി) | ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അവബോധം കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരിപാടി പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി) | 'ഫോർ ദ പീപ്പിൾ' പദ്ധതിക്ക് വൻ തോതിലുള്ള പ്രചരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിവരങ്ങൾ പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പഞ്ചായത്ത് രാജ് മാഗസിൻ, പഞ്ചായത്ത് ഗൈഡ്, തദ്ദേശകം 2018 ഡയറി, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ ചേർത്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പൊതുജനങ്ങൾക്ക് കാണാനാകുന്ന രീതിയിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവരങ്ങൾ സംബന്ധിച്ച് ജീവനക്കാരിൽ അവബോധം ഉണ്ടാക്കുന്നതിനായി ഐ.എം.ജി, കില തുടങ്ങിയ ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം ഏതെങ്കിലും രീതിയിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് 25.01.2018 വരെ 635 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 517 പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ